ആയ പരിചയസമ്പന്നരായ നഴ്സുമാർക്ക് തൊഴിൽസാധ്യത ഉയർത്താനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ആണ് ഇതിന്റെ നോഡൽ ഏജൻസി.

(സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)-ന്റെ ഓപ്പറേറ്ററായി നിശ്ചയിച്ചിരിക്കുന്നത് യു.എ.ഇ. ആസ്ഥാനമായുള്ള NMC Healthcare-ന കീഴിലുള്ള Trivandrum Specialists Hospital-നെയാണ്.

സ്കിൽ ഡെവലപ്മെന്റ്

260 (925) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676- ൽ ഉൾപ്പെടുത്തി സ്കിൽ ഡെവലപ്പ്മെന്റ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) എങ്കിൽ സ്കിൽ ഡെവലപ്പ്മെന്റുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കുന്നുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാനും സമയബന്ധിതമായി നടപ്പാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് :

നടപ്പു സാമ്പത്തികവർഷം എംപ്ലോയബിലിറ്റി സെന്റർ പദ്ധതിക്കായി ബഡ്ജറ്റിൽ 4.19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി ഇക ഉപയോഗിച്ച് മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പുതുതായി എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും നിലവിലുള്ള ഏഴ് സെന്ററുകളിൽ HRD പ്രവർത്തനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യാവസായിക പരിശീലന വകുപ്പ്

(i) തെരഞ്ഞെടുക്കപ്പെട്ട പത്ത് സർക്കാർ ഐ.ടി.ഐ.-കളായ വനിത കഴക്കൂട്ടം, ആറ്റിങ്ങൽ, ചെന്നീർക്കര, ചെങ്ങന്നൂർ, കളമശ്ശേരി, വനിത ചാലക്കുടി, കോഴിക്കോട്, അരീക്കോട്, കൽപ്പറ്റ, കണ്ണൂർ എന്നീ സ്ഥാപനങ്ങൾക്ക് 2014-15 വർഷം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുവാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുകയും ആയതുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ ഒരു നോഡൽ ഓഫീസറെ നിയമിച്ച് കൺസൾട്ടന്റ്, സർട്ടിഫയിംഗ് ഏജൻസി എന്നിവരെ ടെൻഡർ മുഖാന്തിരം തെരഞ്ഞെടുത്ത് തുടർനടപടികൾ സ്വീകരിക്കുകയും പ്രസ്തുത പത്ത് ഐ.ടി.ഐ.-കൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷം 10 ഐ.ടി.ഐ.-കൾക്കുകൂടി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ii) എല്ലാ സർക്കാർ ഐ.ടി.ഐ.-കളിലേയ്ക്കും പരിശീലനാർത്ഥികൾക്ക് ആഴ്ചയിൽ 3 ദിവസം ഒരു ഗ്ലാസ് പാലും ഒരു മുട്ടയും വീതം നൽകിക്കൊണ്ടുള്ള പോഷകാഹാര പദ്ധതി സംസ്ഥാനത്തെ 77 സർക്കാർ ഐ.ടി.ഐ.-കളിൽ നടപ്പിലാക്കി. 2015-16 സാമ്പത്തികവർഷം ഈ പദ്ധതി തുടരുന്നതിനുള്ള നടപടി വകുപ്പിൽ സ്വീകരിച്ചുവരുന്നു.

(iii) കേരള സ്റ്റേറ്റ് വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (റഗുലേഷൻ) ബിൽ 2014-ന്റെ കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(iv) കോഴിക്കോട് ജില്ലയിലെ നഗരം വില്ലേജിലും കൊടുവള്ളി ഗ്രാമപഞ്ചായത്തിലും സ്ഥലങ്ങൾ റസിഡൻഷ്യൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി പരിഗണിച്ചിരുന്നു. എന്നാൽ സ്ഥലം ലഭ്യമാകാത്തതിനെത്തുടർന്ന് ഐ.ടി.ഐ. സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

(v) ആദ്യഘട്ടമായി ഡിജിറ്റൽ ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ഭാഗീകമായി TSP ആയ മെ. സിഡ്കോയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു.

(vi) ITOT ആരംഭിക്കുന്നതിനുള്ള ശിപാർശ നൽകിയിരുന്നെങ്കിലും ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ആയത് പരിഗണിച്ചില്ല. പ്രസ്തുത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

ഇന്റർനാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകലിൽ കെട്ടിടം Lease വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഓയിൽ & റിഗ്, മൾട്ടിസ്കിൽ, സെക്യൂരിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി പങ്കാളികളെ കണ്ടെത്തുകയും ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. കൗശലകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിന് പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം എടുക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിന് പങ്കാളിയെ കണ്ടെത്തുകയും തിരുവനന്തപുരം ടെക്നോസിറ്റിയിൽ അഞ്ച് ഏക്കർ സ്ഥലം മാറ്റിവയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

കോങ്ങാട് മണ്ഡലത്തിൽ ഐ.ടി.ഐ.

261 (926) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലയിൽ ഒരു ഐ.ടി.ഐ. മാത്രമാണുള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കോങ്ങാട് മണ്ഡലത്തിൽ സ്ഥലം നൽകിയാൽ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു ഐ.ടി.ഐ. അനുവദിക്കുമോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ

ഉത്തരം

പാലക്കാട് ജില്ലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെകീഴിൽ നിലവിൽ മലമ്പുഴ, മലമ്പുഴ (വനിത), കഴൽമന്ദം, അട്ടപ്പാടി, വാണിയംകുളം, നെന്മേനി (വനിത) എന്നീ ആറ് ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2013-14 സാമ്പത്തികവർഷം കൊഴിഞ്ഞാംപാറയിൽ ഭാഷാന്യൂനപക്ഷ മേഖലയിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നകാര്യം തൽക്കാലം പരിഗണനയിലില്ല.